"ഭരണഭാഷ-മാതൃഭാഷ"

നമ്പർ എച്ച്2/6934/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 10-06-2019

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താക്കൾ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - നിപാ വൈറസ് ബാധ - 2018-19 ൽ മധ്യവേനലവധി കഴിഞ്ഞ് സ്കൂളുകൾ തുറക്കാൻ വൈകിയത് - അധ്യാപകരുടെ ആർജിതാവധി കണക്കാക്കുന്നത് സംബന്ധിച്ച്

സൂചന : മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 26-12-2018 ലെ കത്ത് നമ്പർ ബി5/40892/2018

2018-19 അധ്യയന വർഷത്തിൽ വിദ്യാഭ്യാസ വകുപ്പു കലണ്ടർ പ്രകാരം മധ്യവേനലവധി കഴിഞ്ഞ് സ്കൂൾ തുറക്കാൻ നിശ്ചയിച്ചിരുന്നത് ജൂൺ 1 നായിരുന്നു. എന്നാൽ അധ്യയന വർഷാരംഭത്തിൽ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിലുണ്ടായ നിപാ വൈറസ് ബാധയും അതു സംബന്ധിച്ച പ്രതിരോധ പ്രവർത്തനങ്ങളും മൂലം ചില ജില്ലകളിൽ മധ്യവേനലവധി കഴിഞ്ഞ് സ്കൂളുകൾ തുറക്കാൻ വൈകിയിരുന്നു. ഇപ്രകാരം സ്കൂൾ തുറക്കാൻ വൈകിയ ജില്ലകളിൽ/വിദ്യാഭ്യാസ ജില്ലകളിൽ അധ്യാപകരുടെ ആർജിതാവധി കണക്കാക്കുന്നതിന് വെക്കേഷൻ കാലയളവ് ഏതു തീയതി വരെയാണ് നിജപ്പെടുത്തേണ്ടതെന്ന് സ്പഷ്ടീകരണം നൽകണമെന്ന് ചില വിദ്യാഭ്യാസ ഓഫീസർമാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ താഴെപറയുന്ന വിവരങ്ങൾ അറിയിക്കുന്നു.

കെ.ഇ.ആർ അധ്യായം VII, ചട്ടം 1 താഴെപറയും പ്രകാരമാണ്.

"All schools shall be closed for the summer vacation every year on the last working day on March and re-opened on the first working day of June unless otherwise notified by the Director."

ഡയറക്ടർ മറ്റു വിധത്തിൽ വിജ്ഞാപനം പ്രസിദ്ധീകരിക്കാത്ത പക്ഷം ഓരോ വർഷവും മധ്യവേനലവധി കഴിഞ്ഞ് സ്കൂളുകൾ തുറക്കേണ്ടത് ജൂണിലെ ആദ്യ പ്രവൃത്തിദിനത്തിൽ ആണെന്നാണ് ചട്ടം പറയുന്നത്. വിദ്യാഭ്യാസ വകുപ്പു കലണ്ടർ പ്രകാരം 2018-19 വർഷം സ്കൂൾ തുറന്നത് ജൂൺ 1 നായിരുന്നു. എന്നാൽ നിപാ വൈറസ് ബാധമൂലം മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ തുടങ്ങിയ ജില്ലകളിൽ ജൂൺ 1 ന് സ്കൂൾ തുറക്കാൻ കഴിഞ്ഞില്ല. അതാത് ജില്ലാ കളക്ടർമാർ അവധി പ്രഖ്യാപിച്ചിരുന്നതിനാൽ ഈ ജില്ലകളിലൊക്കെ വ്യത്യസ്ത തീയതികളിലാണ് 2018-19 വർഷം സ്കൂളുകൾ തുറന്നത്.

കെ.ഇ.ആർ അധ്യായം VII, ചട്ടം 1 പ്രകാരം ജൂണിലെ ആദ്യ പ്രവൃത്തി ദിനത്തിന്റെ തലേ ദിവസം വരെ വെക്കേഷൻ തന്നെയാണ്. ഈ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നതുപോലെ 2018-19 അധ്യയന വർഷത്തിൽ ഡയറക്ടർ മറ്റു വിധത്തിൽ വിജ്ഞാപനമൊന്നും പുറപ്പെടുവിച്ചിട്ടുമില്ല. ആയതിനാൽ നിപാ വൈറസ് ബാധമൂലവും മറ്റും 2018-19 വർഷം മധ്യവേനലവധി കഴിഞ്ഞ് സ്കൂൾ തുറക്കൽ നീണ്ടുപോയ ജില്ലകളിൽ 2018 ജൂണിലെ ആദ്യ പ്രവൃത്തി ദിവസത്തിന്റെ തലേ ദിവസം വരെ മധ്യവേനലവധിക്കാലം ആയിരിക്കുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

ജെസ്സി ജോസഫ്

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം)

പകർപ്പ് :

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

എൻ.കെ 06-2019